# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 2438

08.03.2017 - ൽ മറുപടിയ്ക്ക്

**കയർ മേഖലയിലെ തൊഴിൽ പ്രതിസന്ധി**

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ | ഉത്തരം<br>ഡോ.റ്റി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ)കയർ മേഖലയിലെ തൊഴിൽ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | എ) കയർ മേഖലയിൽ ഉണ്ടാകുന്ന പ്രതിസന്ധി വിലയിരുത്തി അപ്പപ്പോൾ അവ പരിഹരിക്കുന്നതിനുള്ള സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ച് വരുന്നു. ചകിരിയുടെ ദൗർലഭ്യം കയർ മേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. ഇത് പരിഹരിക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഒരു പുതിയ പദ്ധതി "തൊണ്ടുസംഭരണവും ചകിരി ഉത്പ്പാദനവും" നടപ്പിലാക്കി വരുന്നു.<br><br>കയർ വ്യവസായ മേഖല പുനരുജ്ജീവിപ്പിക്കുന്നതിനും തൊഴിൽ പ്രതിസന്ധി പരിഹരിക്കുന്നതിനും താഴെ പറയുന്ന പ്രകാരം വിവിധ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.<br><br>1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/ പ്രവർത്തനമൂലധനം നൽകുന്നു.<br><br>2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു.<br><br>3. കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എംഡിഎ) നൽകി വരുന്നു.<br><br>4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ നൽകുന്നു.<br><br>5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി) നൽകി വരുന്നു.<br><br>6. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു. |

7. ഉൽപ്പാദനവും വിപണന പ്രചോദനവും (പിഎംഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.

8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് 17 കോടി രൂപ യിൽ നിന്നും 77 കോടി രൂപ യായി വർദ്ധിപ്പി ച്ചിട്ടുണ്ട്.

9. കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.

10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.

11. കയർ ജിയോ ടെക്സ്റ്റയിൽസ് വിനിയോഗം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി വിപുലീകരിക്കുന്നതിന് പരിപാടി നടപ്പിലാക്കുന്നു

12. കയർപിരി / ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.

13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.

14. കയർ സഹകരണ സംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ